പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.5626 | 24.05.2017 ൽ മറുപടി നല്കേണ്ടത്. |

## ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പഴക്കമുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിന് അനുമതി നൽകി യിട്ടുണ്ടോ; എങ്കിൽ എന്നാണ്; | എ) | ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പഴക്കമുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പി.എൽ.ബി2 - 77984/16/ആവ തീയതി 17.1.2017 നടപടിക്രമം പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ശ്രീ. അടൂർ പ്രകാശ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 1 കോടി 20 ലക്ഷം രൂപ അനുവദിച്ച് ജി.ഒ (സാധാ) നം. 2162/15/ആകുവ തീയതി 10/07/15 പ്രകാരം ഭരണാനുമതി ഉത്തരവും നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത കെട്ടിടത്തിന്റെ പണികൾ ആരംഭി ച്ചുവോ; എങ്കിൽ ഏന്നാണ്; | ബി) | കെട്ടിടത്തിന്റെ പണികൾ ആരംഭിച്ചിട്ടില്ല. |
| സി) | തുക അനുവദിച്ച് വളരെ കാലമായിട്ടും പണികൾ ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണ ങ്ങൾ വെളിപ്പെടുത്തുമോ; | സി) & ഡി) | പഴയ കെട്ടിടം പൊളിക്കുന്നതിന് ചിറ്റാർ സി.എച്ച്.സി മെഡിക്കൽ ആഫീസറെ ചുമതല പ്പെടുത്തി 20.02.2017 ലെ ലേലം/ക്വട്ടേഷൻ ക്ഷണിച്ചു. സമയകാലാവധി തീർന്നിട്ടും ആരും ലേലത്തിൽ പങ്കെടുത്തില്ല. അതിനാൽ 04.03.2017 ന് പുനർ ലേലം നടത്തി. എന്നാൽ ഇതിലും ആരും പങ്കെടുത്തില്ല. 18.03.2017 ൽ പുനർലേലം നടത്തിയപ്പോൾ പരമാവധി 8850 രൂപയ്ക്ക് ലേലം |
| ഡി) | കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വിളിക്കുകയും, പുനർലേലം നടത്തിയാൽ മേൽ ലേലതുക വർദ്ധിക്കാൻ സാധ്യതയില്ലാത്ത തിനാൽ ജില്ലാ മെഡിക്കൽ ആഫീസറുടെ അംഗീകാരത്തോടെ ടി തുക ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. (ഉത്തരവ് നം. സി1 -11595/16/ജി.മെ. ആ തീയതി 08.05.2017) |
| ഇ) | അനാവശ്യ തടസ്സവാദങ്ങൾ ഉന്നയിച്ച് ഫയൽ വച്ചുതാമസിപ്പിക്കുന്നവരുടെ പേരിൽ നടപടി കൈക്കൊള്ളുമോ; | ഇ) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ